തസ്തികകൾ നാളിതുവരെ ബഡ്ജറ്റിനോടനുബന്ധിച്ചുള്ള സ്റ്റാഫ് ഡീറ്റെയിൽസിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഇവ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള ശമ്പള സ്കെയിൽ പുതുക്കി നിശ്ചയിക്കാൻ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് ശമ്പളസ്കെയിലാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(ഇ) ഡി.എം.ഇ യുടെ ശുപാർശ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ,ബി)ഇവ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി.ഡി.ഇ) പ്രസ്തുത തസ്തികയ്ക്ക് പുതുക്കിയ ശമ്പള സ്കെയിൽ പുതുക്കി നിശ്ചയിക്കണമെന്ന് ഒരു നിർദ്ദേശം പരിശോധിച്ചു വരുന്നു.

165(192) പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിക്കുവേണ്ടി പണപ്പിരിവ്

ശ്രീമതി രാധാരാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിക്കുവേണ്ടി പണം പിരിച്ച് നല്കാമെന്ന് ഏതെങ്കിലും വിദേശ സംഘടന വാഗ്ദാനം നല്കിയിട്ടുണ്ടോ;

(ബി) ബ്രിട്ടൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്ലോബൽ കാൻസർ കൺസേൺ എന്ന സംഘടന ഈ ആവശ്യത്തിനായി വിദേശരാജ്യങ്ങളിൽ പണപ്പിരിവ് നടത്തിയതായി വിവരം ലഭിച്ചിട്ടുണ്ടോ;

(സി) സൊസൈറ്റിക്കുവേണ്ടി പിരിച്ച പണം കൈമാറണമെന്ന് ആവശ്യപ്പെട്ട് സർക്കാർ ബ്രിട്ടീഷ് സംഘടനയെ സമീപിച്ചിരുന്നോ;

(ഡി) എങ്കിൽ എന്തു മറുപടി ലഭിച്ചു എന്നു വ്യക്തമാക്കാമോ; എത്ര കോടി രൂപ പിരിച്ചുവെന്നത് സംബന്ധിച്ച കണക്ക് ലഭ്യമാണോ;

(ഇ) സൊസൈറ്റിക്ക് ധനസഹായം നല്കുന്നത് സംബന്ധിച്ച ഗ്ലോബൽ കാൻസർ കൺസേൺ എന്ന സ്ഥാപനവുമായി കരാർ ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ; കരാർ പ്രകാരം സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) തലശ്ശേരിയിൽ കാൻസർ ആശുപത്രി സ്ഥാപിക്കുന്നതിന് പണം സ്വരൂപിക്കാൻ ഏതെങ്കിലും വിദേശ കമ്പനിയുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ജി) എങ്കിൽ ആ കമ്പനി എത്ര പണം ഇക്കാര്യത്തിനു സ്വരൂപിച്ചു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സ്വരൂപിച്ചതിൽ എത്ര പണം കാൻസർ ആശുപത്രിയ്ക്കായി ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സൊസൈറ്റിക്ക് വാഗ്ദാനം നല്കിയിരുന്നു.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) കാനഡയിലുള്ള എസ്.എൻ.സി.ലാവലിൻ എന്ന കമ്പനിയുമായി ഒരു ധാരണാ പത്രം ഒപ്പുവെച്ചിട്ടുണ്ട്.

(ജി) ആശുപത്രിക്കുവേണ്ടി പണം സ്വരൂപിക്കുന്ന നടപടികൾ പുരോഗതിയിലാണ്. പണം പൂർണ്ണമായും സ്വരൂപിക്കുന്നതിൽ എസ്.എൻ.സി. ലാവലിൻ കാനഡയിലെ വിവിധ ഏജൻസികളുമായി ധാരണയിലെത്തിയതിനുശേഷം മാത്രമേ സ്വരൂപിക്കുന്ന തുകയുടെ കാര്യത്തിൽ വ്യക്തത ഉണ്ടാകുകയുള്ളു.

(എച്ച്) പണം സ്വരൂപിക്കുന്നതിന് അനുസ്യൂതമായി കനേഡിയൻ കമ്പനി നേരിട്ട് ആശുപത്രിക്കുവേണ്ടി പണം ചെലവഴിക്കുകയാണ് ചെയ്യുന്നത്. ഇതുവരെ ഉദ്ദേശം പന്ത്രണ്ട് കോടി രൂപ ചെലവഴിച്ചുവെന്നാണ് മനസ്സിലാക്കുന്നത്.

166(194) അന്തരീക്ഷമലിനീകരണം മൂലമുള്ള ഗർഭച്ഛിദ്രങ്ങൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) കളമശ്ശേരി ഏലൂർ ഭാഗത്ത് വ്യവസായ മലിനീകരണം മൂലം ഗർഭച്ഛിദ്രങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്തരീക്ഷമലിനീകരണം ഏറെയുള്ള കളമശ്ശേരിയിൽ മെഡിക്കൽ കോളേജ് സ്ഥാപിച്ചിട്ടുള്ളത് രോഗികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുമോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിലെ മെറ്റേണിറ്റി വാർഡും പോസ്റ്റ് ഓപ്പറേറ്റീവ് വാർഡും എയർകണ്ടീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് പ്രസ്തുത കോളേജാണ്.

2/89/05/S.M.T.

LIBRARY ARCHIVES Kerala Legislative Assembly